# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

**Hazrat Khalifathullah Munir Ahmad Azim (A)**
**10 February 2017 (12 Jamad'ul' Awwal 1438 Hijira)**

## "THE PROMISE OF THE SOUL :/ ആത്മാവിന്റെ വാഗ്ദാനം

സലാമിന് ശേഷം തശഹ്ഹുദ, തഅവ്വദ്, സൂറ : ഫാത്തിഹ ഓതിയ ശേഷം ആത്മാവിന്റെ വാഗ്ദാനം എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ നിർവ്വഹിക്കുകയുണ്ടായി.

എന്റെ പ്രിയ അനുയായികളെ, മുസ്ലിംകൾ ഇന്ന് യൂറോപ്യൻസിനെ അനുകരിക്കുകയാണ്, അതിസുഖാനന്ദം നുകരുവനായി. മരീചികയിൽ വെള്ളം തേടുന്നതുപോലെയാണത്. ഈ യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. വിശ്വാസത്തിന്റെ രഹസ്യങ്ങളെക്കുറിച്ച് അവർ അജ്ഞരാണ്. ശത്രുതയാലും നിരാസത്താലും അവർ നിറയപ്പെട്ടിരിക്കുന്നു. സൻമനസ്സും, തന്മയും പണക്കാരിൽ മരണപ്പെട്ടു പോയിരിക്കുന്നു. പാവപ്പെട്ടവരിൽ അതായത് വിനയാന്വിതരിൽ മാത്രമെ സത്യവും നന്മയും ഞാൻ കാണുന്നുള്ളു. വിശ്വാസത്തിന്റെ ആളുകളെയും ശത്രുതയുടെ ആളുകളെയും തിരിച്ചറിയുവാൻ പഠിക്കുക. സത്യവാനായ കൂട്ടുകാരനെ കണ്ടെത്തി അവനോടൊപ്പം കഴിയുക.

അല്ലയോ എന്റെ അനുചരന്മാരെ, നിങ്ങൾ ജനിച്ച  ഈ നൂറ്റാണ്ട് കാണുമ്പോൾ എനിക്ക് ഭയം തോന്നുന്നു. നിങ്ങൾ എന്റെ തന്നെ ആത്മാവിന്റെ പ്രതിഫലനമാണ് ഈ നൂറ്റാണ്ട് ഭൗതിക കാര്യങ്ങളിൽ മുങ്ങിത്താണു കിടക്കുകയാണ്. ആത്മാവിനെകുറിച്ച് അല്പം മാത്രമാണറിയാവുന്നത്. ആത്മാവില്ലെങ്കിൽ ശരീരത്തിന് യാതൊരു വിലയുമില്ല. ദൈവീക മനുഷ്യൻ അവനിൽ തന്നെ മറഞ്ഞിരിക്കുകയാണ്. അവനെ കണ്ടെത്തുവാനുള്ള അന്വേഷണം വിജയപ്രദമാകുന്നില്ല, അവന് മുഖാമുഖം കാണുന്നുണ്ടെങ്കിലും ! അന്വേഷണത്തിന്റെ രുചി നിങ്ങൾ നഷ്ടപ്പെടുത്തരുത് ; ജീവിതത്തിലുടനീളം നൂറുകണക്കിന്  പ്രയാസങ്ങൾ നേരിടേണ്ടി വന്നാലും ! ഒരു ബുദ്ധിമാനെ സ്നേഹിതനായി കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ, എന്നിലൂടെയുള്ളത് സ്വീകരിക്കുക, എന്റെ പിതാക്കന്മാരിലൂടെയും എന്റെ പൂർവ്വപിതാക്കന്മാരിലൂടെയും ലഭ്യമായതാണത്. എന്റെ ഗുരുവായ പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) നെ സ്നേഹിതനായി തെരഞ്ഞെടുക്കുക.

അങ്ങനെ ആയാൽ ദൈവം നിങ്ങൾക്ക് ഒരു ഇച്ഛാശക്തിയും, വിശ്വാസ ത്രീവ്രതയും നല്കി അനുഗ്രഹിക്കുന്നതാണ്. കാര്യങ്ങൾ വിവേചിച്ചറിയുന്നതിന് എന്റെ ഗുരുവിനറിയാം.

വൃക്ഷത്തിന്റെ പുറംതൊലിയും അകക്കാമ്പും തിരിച്ചറിയുവാൻ കഴിയും. തന്റെ സ്നേഹിതനായ അല്ലാഹുവിലേക്കു നയിക്കുന്ന റോഡിൽ അദ്ദേഹത്തിന്റെ കാലടികൾ ശക്തമായി നിലകൊള്ളുന്നു. അദ്ദേഹത്തെപ്പറ്റി അനേകം വിശദീകരണങ്ങൾ നല്കപ്പെട്ടു കഴിഞ്ഞു; എന്നാൽ ഒരാളും അദ്ദേഹത്തെ വേണ്ടപോലെ മനസ്സിലാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ യഥാർത്ഥ അർത്ഥം, ഒരു ചെറുമാനെപോലെ, നമ്മിൽ നിന്നും ഓടിരക്ഷപ്പെട്ടിരിക്കുന്നു. ശരീരം കൊണ്ട് നൃത്തം ചെയ്യുവാൻ മനുഷ്യൻ പഠിച്ചിരിക്കുന്നു. നൃത്തച്ചുവടുകൾക്കനുസൃതമായ സ്വരമാധുരിയും അരങ്ങേറുന്നു. ആത്മാവിന്റെ നൃത്തത്തിനുള്ള, അവരുടെ കണ്ണുകൾ മാത്രം തുറന്നിട്ടില്ല. ശരീര നൃത്തം മൺചുഴി സൃഷ്ടിക്കുമ്പോൾ, ആത്മാവിന്റെ നൃത്തം അവനെ വാനങ്ങളിലേക്ക് നയിക്കുന്നു. ആത്മാവിന്റെ നൃത്തത്തിൽ നിന്നും ശാസ്ത്രവും ബുദ്ധിവികാസവും ഉടലെടുക്കുന്നു. ഈ നൃത്തത്തിൽ നിന്നാണ് വാനവും ഭൂമിയും ഉടലെടുത്തത്. ആത്മനൃത്തം വ്യക്തിക്ക് മൂസ (അ) ന്റെ പരമാനന്ദം പ്രദാനം ചെയ്യുന്നു. ആത്മനൃത്തത്തിന് നന്ദി ! സത്ജനസംഘം സ്വർഗരാജ്യത്തിന്റെ അനന്തരാവകാശികളായിതീരുന്നു. ആത്മനൃത്താഭ്യാസമാണ് കാര്യമാത്രപ്രധാനമായിട്ടുള്ളത്. ജ്വലിക്കുന്നതെല്ലാം ദൈവീകമല്ല ; എല്ലാം ജ്വലിക്കുന്നത് അവനിലൂടെ മാത്രമാണ്. അത്യാഗ്രഹത്താലും, അതിന്റെ സംരക്ഷണത്താലും, ഹൃദയം ജ്വലിച്ചുകൊണ്ടിരിക്കുവോളം (അതായത് എല്ലാ പ്രയാസങ്ങളും, പ്രശ്നങ്ങളും അത്യാഗ്രഹത്താൽ ഒരുമിച്ചു കൂടുകയാണ്) ആത്മാവിന് നൃത്ത ചുവടുകൾ വെയ്ക്കുവാൻ സാധ്യമല്ല. എന്റെ (അനുചരന്മാരെ ! ഞാൻ അവന്റെ ദാസനാണ്, അടിമയാണ്. അവനറിയാം ഇതിനെ എങ്ങനെ അതിജീവിക്കുവാൻ സാധിക്കുമെന്ന് ! അസ്വസ്ഥമായ എന്റെ ആത്മാവിന്റെ സമാധാനമായിട്ടുള്ളവരെ, നിങ്ങൾ ആത്മനൃത്തത്തിന്റെ ഭാഗമായി തീരുകയാണെങ്കിൽ, ഞാൻ നിങ്ങളോട് നബികരിം (സ) ന്റെ മതത്തിന്റെ രഹസ്യം പറയാം. നിങ്ങൾക്കു വേണ്ടി, എന്റെ ശവകുടീരത്തിൽ നിന്നുപോലും, ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കാം.

സ്നേഹം എന്നാൽ ഒരു ദാസൻ തന്നിൽ നിന്ന് ഭാഗിച്ചു നല്കലാണ്, തന്റെ രക്ഷിതാവിനെ നിരന്തരം ഉത്തേജിപ്പിച്ചു കൊണ്ടിരിക്കലാണ്, സ്നേഹം അവനിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അവന് അർഹതപ്പെട്ടതെല്ലാം നിറവേറ്റിക്കൊണ്ടിരിക്കലാണ്. അതവൻ അല്ലാഹുവിനെ നോക്കി കാണുന്നത് അവന്റെ ഹൃദയം കൊണ്ടാണ്. അവന്റെ സത്തയിൽ നിന്നുള്ള പ്രകാശമാണ് അവർ നുണഞ്ഞുകൊണ്ടിരിക്കുന്നത്. അവന്റെ സ്നേഹവാത്സല്യമാകുന്ന തെളിഞ്ഞ ജലമാണ് അവൻ പാനം ചെയ്യുന്നത്. ഏതൊരുവന്റെ ഇച്ഛയാണോ അവനിൽ അടിച്ചേല്പിച്ചിരിക്കുന്നത്.

അവന്റെ അല്ലാഹുവിന്റെ രഹസ്യങ്ങളുടെ മറകൾ അവനിൽ നിന്നും നീക്കം ചെയ്യുന്നതാണ്. ഈ അവസ്ഥയിൽ അവൻ സംസാരിച്ചാൽ അല്ലാഹുവിനെപ്പറ്റി ആയിരിക്കും സംസാരിക്കുന്നത്, അവനൊരു അംഗവിക്ഷേപം നടത്തിയാൽ അത് അല്ലാഹുവിന്റെ കല്പന ആയിരിക്കും. അവൻ വിശ്രമത്തിലായിരിക്കുമ്പോൾ അവൻ അല്ലാഹുവിനോടൊപ്പമായിരിക്കും. അവൻ അല്ലാഹുവിനാൽ ഉള്ളവനാണ്. അവൻ അല്ലാഹുവിനു വേണ്ടിയുള്ളവനാണ്, അവൻ അല്ലാഹുവിനോടൊപ്പമായിരിക്കും. പരമോന്നതനായ അല്ലാഹു ആറ് ലക്ഷം വർഷങ്ങൾക്ക് മുമ്പ് ശരീരം സൃഷ്ടിക്കുന്നതിന് മുൻപായി ആത്മാക്കളെ സൃഷ്ടിച്ചു. അവന്റെ കാരുണ്യമാകുന്ന സമുദ്രത്തിൽ രൂപമില്ലാതെ അവ കഴിഞ്ഞു കൂടി. ആ സമുദ്രത്തിൽ ആത്മാക്കൾ ജീവിച്ചത് മത്സ്യങ്ങളെപോലെ ആയിരുന്നു. പരമോന്നതനായ ദൈവം അവയോട് പറഞ്ഞു. ഞാൻ നിങ്ങളുടെ രക്ഷകനല്ലേ ? അവയെല്ലാം പറഞ്ഞു അതെ ഇവരുടെ **അതെയിൽ** വിവിധ തരത്തിലുള്ള തീവ്രതകൾ കാണാം. ഓരോരുത്തരും പറയുന്ന **അതെയിൽ** വലിയ അന്തരങ്ങളുണ്ടായിരിക്കും. ചിലർ സമ്പൂർണ്ണമായും സംശുദ്ധരായിരിക്കും. നല്ലവരെയും കെട്ടവരെയും ഉന്നതരെയും താണവരെയും ഇടകലർത്തി ഒരുമിച്ചു നിർത്തി  ഒരേ പദവി നല്കുവാൻ അനുവദിച്ചില്ല. അവൻ അല്ലാഹു പറഞ്ഞു നിങ്ങളെല്ലാവരും ഒരേ സ്വരത്തിൽ  പറഞ്ഞു. **അതെ** എന്ന് ! ഞാൻ നിങ്ങളെ ആത്മാവിന്റെയും ഹൃദയത്തിന്റെയും ലോകത്ത് നിന്ന് ജലവും മണ്ണുമുള്ള ലോകത്തേക്ക് അയ്ക്കുകയാണ്. അവിടെ വച്ച് എല്ലാ നാണയവും തിരിച്ചറിയുന്നതാണ്. അവിടെ വെച്ച് നല്ലനാണയവും വ്യാജ നാണയവും ഇടകലർന്നിരിക്കുന്നതിൽ നിന്ന് നല്ലതിനെ വേർതിരച്ചെടുക്കാവുന്നതാണ്. പലചരക്ക് വ്യാപാരിയുടെ കടയിലെന്നപോലെ, ഈന്തപഴം സൂക്ഷിക്കുന്ന സ്ഥലത്ത്   ഒരു പയർ വീണാൽ, അഥവാ പയർ സൂക്ഷിക്കുന്ന പെട്ടിയിൽ ഈന്തപ്പഴം വീണാൽ, അതിന്റെ ഉടമസ്ഥൻ ഉടൻ തന്നെ അതിന് വേർതിരിച്ച് ഓരോന്നും സൂക്ഷിക്കേണ്ട നിശ്ചിത സ്ഥലത്ത് തന്നെ വെയ്ക്കുന്നു. ഓരോന്നും അതാതിന്റെ വർഗ്ഗത്തിലേക്ക് മടങ്ങുന്നു. പലചരക്ക് വ്യാപാരിയുടെ മുൻപിലുള്ള അലമാര വലിപ്പ് നോക്കു ! അവൻ എല്ലാം ക്രമീകരിച്ചു വെച്ചിരിക്കുന്നു. ഓരോ ഇനങ്ങളും വെവ്വേറെ വെച്ചിരിക്കുന്നു. ഓരോ ഇനവും അതാത് ഇനത്തോട് ചേർത്തുവെച്ചിരിക്കുന്നു. സുഗന്ധ വ്യഞ്ജനം പഞ്ചസാരയുമായി കലർന്നാൽ,  വ്യാപാരി തീർച്ചയായും അത് വേർതിരിച്ചു തന്നെ വെയ്ക്കുന്നതാണ്. ഇപ്പോൾ പെട്ടിപൊളിഞ്ഞിരിക്കുന്നു. അതുകൊണ്ട് ആത്മാക്കൾ നിലത്ത് വീണിരിക്കുന്നു. (അത് ഭൂമിയിലേക്ക് ഇറങ്ങിയിരിക്കുന്നു) നല്ലവരും കെട്ടവരും ഒരുമിച്ചായിരിക്കുന്നു. അല്ലാഹു (ത)   ഒരു ഗ്രന്ഥവുമായി പ്രവാചകന്മാരെ നിയോഗിച്ചിരിക്കുന്നു.

അതുകൊണ്ട് അവർ ഇടകലർന്ന പലതരം വിത്തുകളെ അതാതിന്റെ പെട്ടിയിൽ സൂക്ഷിക്കുന്നതാണ്. പലചരക്ക് വ്യാപാരിക്ക് അല്ലാഹു (ത) സാധനങ്ങൾ വേർതിരിക്കുവാൻ ഒരു അളവും കഴിവും നല്കിയിട്ടുണ്ട്. യഥാർത്ഥ നാണയത്തെയും കള്ളനാണയത്തെയും ഒരു മിച്ചു കൂട്ടിക്കലർത്തി വയ്ക്കുവാൻ വ്യാപാരിക്കു കഴിയുമോ ? സത്യത്തെ അസത്യവുമായി ചേർത്തു നിർത്തുവാൻ സാധിക്കുമോ ? അല്ലാഹു ആത്മാക്കളോട് കല്പിച്ചു. നിങ്ങൾ ഭൂമിയിലേക്ക് പോവുക. അപ്പോൾ അല്ലാഹുവിന് അവയെ പരീക്ഷിക്കുവാൻ കഴിയും. പരീക്ഷണ വിധേയമാക്കുവാനും സാധിക്കും. പോവുക, മുഴുവൻ ആത്മാക്കളും, ഈ കരുണാസാഗരത്തിൽ നിന്നും, നിങ്ങൾ ജലവും മണ്ണുമുള്ള ലോകത്തിലേക്ക് പോവുക. അവിടം ബുദ്ധിമുട്ടുകളാൽ നിറയപ്പെട്ടതാണ്. നിങ്ങൾ ഓരോരുത്തരുടെയും വില നിങ്ങൾക്ക് ബോധ്യമാകും . അങ്ങനെ അവിടെ വെച്ച് നിഷ്ക്കളങ്കരെയും കപടന്മാരെയും വേർതിരിക്കും. ഗുണമുള്ളവരെയും ഗുണമില്ലാത്തവരെയും വേർതിരിക്കാം. മണ്ണിന്റെയും ജലത്തിന്റെയും ലോകത്തിലേക്ക് നിങ്ങളെ വിടുമ്പോൾ, പക്ഷികളെ വിടുന്നതിന് മുൻപു തന്നെ (ആത്മാക്കളെ വിടുന്നതിന് മുൻപ്) ഈ ലോകത്തിലെ മധുരവിത്തുകളെ (അതായത് സന്തോഷങ്ങളും ഭൗതിക സാധനങ്ങളും) ചൊരിയുകയുണ്ടായി. അങ്ങനെ മാത്രമെ നിങ്ങൾ പറഞ്ഞ **“അതെ”** എന്നതിലെ അശുദ്ധത വെളിവാവുകയുള്ളു. അത്തരം ഭൗതിക സുഖങ്ങളിൽ ബന്ധിതമായി നില്ക്കുന്നവർ, പ്രതിജ്ഞ മറന്നു പോകുന്നു. ഉറപ്പുകൊടുത്തത് മറക്കുന്നു. പ്രാരംഭത്തിൽ പറഞ്ഞ **“അതെ”** എന്നതിലെ രഹസ്യവും സന്തോഷവും മറന്നു പോകുന്നു. ഏതൊരാളോണോ ഈ ലോകത്തിലെ സുഖങ്ങളിൽ അമര്ന്നു പോകാതിരിക്കുന്നത്, അവൻ സ്വയം അപമാനപ്പെടുത്താതിരിക്കുന്നത്,. അവൻ സ്വയം വിശ്രമത്തിലകപ്പെടാതിരിക്കുന്നത്, അവന്റെ **അതെ** എന്നത് സംശുദ്ധമാണ് എന്ന് വ്യക്തമാകുന്നതാണ്.

അല്ലാഹു (ത) ഈ ലോകത്തെ ഒരു ഉരകല്ലാക്കിയിരിക്കുകയാണ്. ഹൃദയത്തിന്റെ നിധിയായി, എന്താണോ തന്മയായിട്ടുള്ളത്, അതു അതിലേക്ക് മടങ്ങി വരുന്നതാണ്. തിന്മയായിട്ടുള്ളത് ഭൂമിയിൽ തന്നെ അവശേഷിക്കുന്നതാണ്. ജലവും മണ്ണുമുള്ള ഭൂമിയിൽ മുൾച്ചെടികൾ പോലെ ! ഇനം ഇനത്തോട് ചേരേണ്ടത് നീതിയുടെ വിളിയാണ്. ഓരോ ഇനത്തേയും അതാതിന്റെ ഇനത്തോട് മടക്കി ക്കൊണ്ട് വരുന്നതിന് അല്ലാഹുവിന് ഒരു മലക്കുണ്ട്

അല്ലാഹുവിന്റെ മലക്കുകൾ അനേകമാണ്. ഒരു മലക്കിന്റെ സേവനം മറ്റൊരു മലക്കിന്റേതുപോലയല്ല. വലതുവശത്തുള്ള മാലാഖമാർ നന്മയായ കാര്യങ്ങൾ എഴുതുന്നു. ഇടതു വശത്തുള്ള മലക്കുകൾ തിന്മയായ കാര്യങ്ങൾ രേഖപ്പെടുത്തുന്നു. ചിലത് എഴുത്തു പലകകളും സിംഹാസനവും വഹിക്കുന്നു.

ചിലത് നക്ഷത്രഖചിതമായ ആകാശത്തെ വഹിക്കുന്നു. മറ്റു ചിലത് സൃഷ്ടികളെ നോക്കി നടത്തുന്നു. മറ്റു ചിലർ നല്ലവർക്കായി പ്രാർത്ഥിക്കുന്നു. മറ്റു ചിലർ ദുർവൃത്തർക്ക് ശാപ വർഷം ചൊരിയുന്നു. അവർ പറയുന്നു. അല്ലെയൊ മഹത്വമുടയവനായ ദൈവമെ ! എ ല്ല ാ പ്രവർത്തികൾക്കും പ്രതിഫലം നല്കേണമെ ! എല്ലാ ലുബ്ധൻമാർക്കും ഹാനി നല്കേണമെ ! മറ്റു ചില മലക്കുകൾ ഒരേ സ്വാഭാവമുള്ളവരെ, അതേ സ്വാഭാവമുളളവരുമായി ഏകോപിപ്പിക്കുന്നു. അവർ ഒട്ടകത്തെ കുതിരയോടൊപ്പം വിടില്ല. നിഷ്കളങ്കരായവരെ, കള്ളന്മാരോടൊപ്പം വിടില്ല. നിഷ്ക്കളങ്കരെ നിഷ്ക്കളങ്കരുമായി ചേർത്തു നിർത്തുന്നു. മലക്ക് പ്രത്രേകിച്ച് യോഗ്യതകൾ ഇല്ലാത്തതാണ്. ശരീരമില്ലാത്ത ജീവിയാണ് ഓരോരുത്തരുടെയും പ്രകൃതി അനുസരിച്ച് (മനുഷ്യകുലത്തിൽ) ഇത് ആത്മാവിൽ മറഞ്ഞിരിക്കുകയാണ്. അവന്റെ സ്വാഭാവത്തിൽ പെടാത്തവരിൽ നിന്നും അത് ഓടിപ്പോകുന്നു. അത് മൃഗമായാലും, പക്ഷി ആയാലും അഥവാ മനുഷ്യനായാലും ഇതാണ് മലക്കിന്റെ അവസ്ഥ. തുടക്കത്തിന് മുൻപു ദൈവീക രീതി ഇങ്ങനെ തന്നെ ആയിരുന്നു. ഇബ്ലീസിന്റെ ആവിർഭാവം മുതൽ തന്നെ അവൻ അവിശ്വാസികളിൽപെട്ടവനായിരുന്നു. അല്ലാഹു അവനെ മാലാഖമാരോടൊപ്പം കഴിയുവാൻ അനുവദിച്ചില്ല. സമുദ്രത്തിലെ കുമിളകളിൽ നിന്ന് നുര ഉണ്ടാകുന്നതുപോലെ അത് കലരുന്നു. എന്നാൽ സമുദ്രം അതിനെ പുറത്തേക്ക് തള്ളിക്കളയുന്നു. അങ്ങനെ അതിനെ വേർതിരിക്കുന്നു. അങ്ങനെ സമുദ്രം ശുദ്ധീകരിക്കപ്പെടുകയും അഴുക്കുകളില്ലാതായിതീരുകയും ചെയ്യുന്നു. ഒരേ സ്വഭാവത്തിൽപെടാത്തവർ, അപരിചിതർ തന്നെയാണ്. അനേകം ഉദാഹരണങ്ങൾ ചൂണ്ടികാണിക്കുവാനുണ്ട്. മനുഷ്യൻ കാര്യങ്ങളെ എങ്ങനെ നോക്കികാണുന്നു എന്നതിനെ ആശ്രയിച്ചാണ് അത് നിലകൊള്ളുന്നത്. പരമോന്നതനായ ദൈവം, ഒരു മനുഷ്യനെ ചിന്താശേഷിയുള്ളവനാക്കുമ്പോൾ, പ്രകാശപൂരിതനാക്കുമ്പോൾ, കാര്യങ്ങൾ വേണ്ടതു പോലെ ദർശിക്കുവാനുള്ള കഴിവ് പ്രദാനം ചെയ്യുമ്പോൾ, ഭൂമിയിലെ ഓരോ അണുവും ആകാശത്തിലെ ഓരോ അണുവും, ഈ പ്രപഞ്ചം മുഴുവനും, പ്രപഞ്ചത്തിനപ്പുറവും, പാരത്രികലോകവും എല്ലാം എല്ലാം അവൻ കാണുന്നു.

നിലനില്ക്കുന്ന ഓരോന്നും പ്രവർത്തി ക്കുന്നു. സമരം ചെയ്യുന്നു, അതിന്റെ ഇനത്തിൽ പെട്ടതിലേക്ക് ചേരാനും, അല്ലാത്തതിൽ നിന്നു വേർപെടുവാനും ! ഇതിലാണ് സന്തോഷവും പൂർണ്ണതയും കുടികൊള്ളുന്നത്. നിസ്സാരനും ബുദ്ധികുറഞ്ഞവനുമായവൻ, കുറച്ചു കാര്യങ്ങൾ മനസ്സിലാക്കുന്നു. കൂടുതൽ പൂർണ്ണനായവൻ മറഞ്ഞ കാര്യങ്ങളുടെ യാഥാർത്ഥ്യം കൂടുതലായി മനസ്സിലാക്കുന്നു.

ആയതിനാൽ, കൂടുതലായി പ്രാർത്ഥിക്കുക ! അല്ലാഹു (ത) തന്റെ ദാസൻ വിനയാത്വിത നായി കൈ ഉയർത്തുമ്പോൾ, അവനാവശ്യമുള്ളത് അവനോട് യാചിക്കുമ്പോൾ അവൻ തന്റെ സ്നേഹസാഗരം അവന്റെ മുമ്പിൽ തുറന്നു വെയ്ക്കുന്നു. നിങ്ങൾ ദുആ ചെയ്യുമ്പോൾ, വളരെ യധികം പ്രതീക്ഷ വെയ്കുക ; അത് നിങ്ങൾക്ക് സഫലമാകുമെന്ന് ! ലോകമെങ്ങുമുള്ള നിങ്ങ ളുടെ നിരംലംബരായ സഹോദരങ്ങളെ വിസ്മരിക്കരുത് ! അല്ലാഹുവിൽ നിന്ന് സഹായം തേടുക ; അങ്ങനെ ആയാൽ മുസ്ലിംകളെ ഭരിക്കുന്ന ഏകാധിപതികളെ നീക്കം ചെയ്യുവാൻ സാധിക്കുന്ന താണ്. തുടർന്ന് ദൈവത്തിന്റെ ഇച്ഛയും മേധാവിത്വവും ഭൂമിയിൽ സ്ഥാപിക്കുവാനും കഴി യുന്നതാണ്.

ഇൻശാ അല്ലാഹ് ! ആമീൻ


**Translated by:**
**R. Jamaluddin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**